പോലീസ് വകുപ്പ്

കേരളം

**No. G2-46963/2021/W**

ജില്ലാ പോലീസ് ഓഫീസ്,
വയനാട്
spwynd.pol@kerala.gov.in
04936202525
തീയതി. 21-01-2022

## Quotation Notice

വയനാട് DHQ ക്യാമ്പിലെ- സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് ഡിറ്റാച്ച്മെൻറ് ബാരക്കിനോടനുബന്ധിച്ചുള്ള ടോയിലറ്റുകൾ റിപ്പയർ നടത്തുന്നതുമായി ബന്ധപ്പെട്ട് പ്രസിദ്ധമായ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും മുദ്ര വെച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ഇതിനു വേണ്ടിവരുന്ന ഉപകരണങ്ങളുടെ വാടക, ലേബർ ചാർജ് എന്നിവ ഉൾപ്പെടെയുള്ള ചിലവുകൾ ക്വട്ടേഷനിൽ രേഖപ്പെടുത്തണം. ക്വട്ടേഷൻ അയക്കുന്ന കവറിന് പുറത്ത് "വയനാട് DHQ ക്യാമ്പിലെ- SOG ഡിറ്റാച്ച്മെൻറ് ബാരക്ക് ടോയിലേറ്റ് റിപ്പയർ വർക്ക്" എന്ന് രേഖപ്പെടുത്തി, **ക്വട്ടേഷൻ-നോട്ടീസ് നമ്പർ. 46963/2021** ആയി കൈപ്പറ്റി 27.01.2022 ന് വൈകുന്നേരം 3 മണിക്ക് മുമ്പ് ജില്ലാ പോലീസ് മേധാവി, വയനാട്, കൽപ്പറ്റ എന്ന മേൽവിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. വൈകി ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ക്വട്ടേഷനുകൾ 28.01.2022 ന് വൈകുന്നേരം 4 മണിക്ക് വയനാട് കൽപ്പറ്റയിലുള്ള ജില്ലാ പോലീസ് ഓഫീസിൽ ക്വട്ടേഷൻ സമർപ്പിച്ചവരുടെയോ അല്ലെങ്കിൽ അവരുടെ അംഗീകൃത പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. ലഭിക്കുന്ന ക്വട്ടേഷനുകളിൽ ഏതെങ്കിലുമോ മുഴുവനായോ നിരാകരിക്കാൻ താഴെ ഒപ്പുവച്ച ഓഫീസർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ഇതോടനുബന്ധിച്ച് ഏർപ്പെടുത്തിയ വ്യവസ്ഥകൾ പ്രകരമാണ് പ്രവർത്തി നടക്കേണ്ടത്.

1. ക്വട്ടേഷനുകൾ സ്വീകരിച്ച തീയതി മുതൽ 2 ദിവസത്തിനുള്ളിൽ കരാർ നടപ്പിലാക്കുന്നതിൽ പരാജയപ്പെടുകയോ വീഴ്ചവരുത്തുകയോ ചെയ്താൽ ക്വട്ടേഷൻ റദ്ദാക്കുന്നതു പ്രവർത്തനം മറ്റൊരു സ്ഥാപനത്തെ ഏൽപ്പിക്കുകയും ചെയ്യുന്നതായിരിക്കും.

2. ക്വട്ടേഷനുകൾ അംഗീകരിച്ചതിനുശേഷം പ്രവർത്തിയുമായി ബന്ധപ്പെട്ട് നിശ്ചയിച്ച തുക യാതൊരു കാരണവശാലും വർദ്ധിപ്പിക്കുന്നതല്ല.

3. അപേക്ഷകരുടെയോ/ഏജൻറുമാരുടെയോ ഭാഗത്തുനിന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വ്യക്തിപരമായ ക്യാൻവാസിംഗ് വഴി സ്വാധീനിക്കാൻ നടത്തുന്ന ഏതൊരു ശ്രമവും അപേക്ഷകനെ അയോഗ്യരാക്കും.

4. മേൽ പ്രവർത്തിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും ലൈസൻസോ പെർമിറ്റോ ആവശ്യമാണെങ്കിൽ, അപേക്ഷകൻ ക്വട്ടേഷനിൽ വ്യക്തമാക്കുകയും പ്രസ്താവിക്കുകയും വേണം.

5. ക്വട്ടേഷൻ തുകയിൽ GST, മറ്റ് എല്ലാ നികുതികളും ഉൾപ്പെട്ടതായിരിക്കണം.

6. ക്വട്ടേഷനിൽ പ്രവർത്തിയുമായി ബന്ധപ്പെട്ട് നിശ്ചയിച്ച ബിൽ തുകയിൽ വയനാട് ജില്ലാ പോലീസ് മേധാവി/അദ്ദേഹം നിയമിച്ച വിദഗ്ധർ വിലയിരുത്തിയ ശേഷം പണം നൽകും.

7. അറ്റകുറ്റപ്പണികൾ അടിയന്തിര പ്രധാന്യമുള്ളതിനാൽ, തിരഞ്ഞെടുത്ത വ്യക്തി/സ്ഥാപനം സമയനഷ്ടം വരുത്താതെ 30 ദിവസത്തിനുള്ളിൽ തന്നെ ജോലി പൂർത്തിയാക്കേണ്ടതാണ്.

8. അറ്റകുറ്റപ്പണിയിൽ ഉപയോഗിക്കുന്ന സാധന അമഗ്രികൾക്ക് സർക്കാർ അംഗീകൃത **ISI/ISO** സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം.

9. സ്ഥലം സന്ദർശനത്തിനും മറ്റ് അനുബന്ധ വിവരങ്ങൾക്കുമായി അസിസ്റ്റൻറ് കമാണ്ടൻറ്, ഡിസ്ട്രിക്റ്റ് ഹെഡ് ക്വാർട്ടർ ക്യാമ്പ് ഓഫീസ് (04936 202 526 ) എന്ന നമ്പറിൽ ബന്ധപ്പെടുക. നേരിട്ട് സ്ഥല പരിശോധന നടത്തേണ്ടതാണ്.

ഡോ അരവിന്ദ് സുകുമാർ ഐ പി എസ്
ജില്ലാ പോലീസ് മേധാവി

| | | |
|---|---|---|
| സ്വീകർത്താവ് | : | 1. വെബ് സൈറ്റ്, കേരള പോലീസ്. 2. ജില്ല ഇൻഫർമേഷൻ ഓഫീസർ, I&PRD, വയനാട് ജില്ല. 3. എ.സി, ഡി.എച്ച്.ക്യു, വയനാട് ( തുടർ പ്രചാരണത്തിന്). സ്ഥല പരിശോധന നടത്തുന്നതിന് എത്തുന്നവരോട് ചെയ്യേണ്ട പ്രവൃത്തിയുടെ കൃത്യമായ വിവരം ധരിപ്പിക്കേണ്ടതാണ്. |
| പകർപ്പ് | : | ജില്ലയിലെ എല്ലാ പോലീസ് ഓഫീസർമാർക്കും അറിവിലേക്കും പ്രചരണത്തിനും. |

Internal Administrative Processing System
iAPS
KERALA POLICE